# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.528** — **29.05.2019 ലെ മറുപടിക്ക്**

**ചോദ്യം:**
**ശ്രീമതി. ഗീതാ ഗോപി**

**ഉത്തരം:**
**ഡോ.ടി.എം.തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പു മന്ത്രി**

### ഭരണാനുമതി ഇല്ലാത്ത മരാമത്തു പ്രവർത്തികൾക്ക് ബജറ്റിൽ പുതിയതായി അനുവദിച്ച ശീർഷകങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| എ). 2018-19 മുതലുള്ള ബജറ്റിൽ ഭരണാനുമതി ഇല്ലാത്ത മരാമത്തു പ്രവൃത്തികൾക്ക് അനുവദിച്ച ശീർഷകങ്ങൾ (എം.എൽ.എ.മാർ നൽകുന്ന ശിപാർശകൾ) അനുബന്ധം II, വാല്യം II എന്ന പുസ്തകത്തിൽ രേഖപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | എം.എൽ.എ-മാർ, എം.പി-മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ നേരിട്ട് ശിപാർശ ചെയ്യുന്ന പ്രവൃത്തികളാണ് ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ (അനുബന്ധം II വാല്യം II) ഉൾപ്പെടുത്തുന്നത്. ഇതിനായി ബജറ്റ് വിഹിതം '5054-80-800-66 – അധിക പൊതുമരാമത്ത് പ്രവൃത്തികൾ' എന്ന ശീർഷകത്തിൽ മൊത്ത വിഹിതം ആയി വകയിരുത്തുന്നുമുണ്ട്. ഓരോ പ്രവൃത്തിയുടെയും വിശദമായ എസ്റ്റിമേറ്റടക്കമുള്ള വിശദാംശങ്ങൾ തയ്യാറാക്കുന്ന ഘട്ടത്തിൽ മാത്രമാണ് പ്രവൃത്തിയെ അനുയോജ്യമായ ശീർഷകത്തിൽ വർഗ്ഗീകരിക്കാൻ സാധിക്കുന്നത്. ആയതിനാലാണ് 'ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ' (അനുബന്ധം II വാല്യം II) എന്ന പുസ്തകത്തിൽ, പ്രവൃത്തികൾക്ക് ശീർഷകം രേഖപ്പെടുത്തുവാൻ സാധിക്കാത്തത്. അനുയോജ്യമായ ശീർഷകത്തിന്റെ അഭാവം കൊണ്ട് മാത്രം പ്രവൃത്തികളിൽ തീരുമാനം ഉണ്ടാകാതെ കിടക്കുന്ന ഫയലുകളൊന്നും ഈ വകുപ്പിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി). ഇക്കാരണങ്ങളാൽ ശിപാർശ പ്രകാരമുള്ള പ്രവൃത്തികളിൽ തീരുമാനം ഉണ്ടാകാതെ കിടക്കുന്ന എത്ര ഫയലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ഈ വിഷയത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ